പശ്ചിമഘട്ട വികസനപദ്ധതിക്ക് കേന്ദ്രഗവൺമെൻറിൽ നിന്നും ലഭിച്ച തുക

808. ശ്രീ. തച്ചടി പ്രഭാകരൻ :
,, കെ. മുഹമ്മദ് അലി :
,, പി. പി. തങ്കച്ചൻ :
,, ഉമ്മൻ ചാണ്ടി :
,, കെ. കെ. തോമസ് :
,, തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന പദ്ധതിക്കായി 1985 മാർച്ച് വരെ കേന്ദ്രഗവൺമെൻറിൽ നിന്നും ലഭിച്ച തുക എത്ര ;

(ബി) ഏതെല്ലാം പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 1984-85 വരെ പശ്ചിമഘട്ട വികസന പദ്ധതിക്കായി കേന്ദ്രഗവൺമെൻറിൽ നിന്നും 24.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വർഷം		ലഭിച്ച തുക (ലക്ഷം രൂപയിൽ)
1974-75	—	23.99
1975-76	—	33.43
1976-77	—	86.79
1977-78	—	135.74
1978-79	—	167.78
1979-80	—	150.49
1980-81	—	210.81
1981-82	—	321.18
1982-83	—	346.00
1983-84	—	444.00
1984-85	—	542.00

(ബി) ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

മണ്ണൊലിപ്പ് നിവാരണ പദ്ധതിക്ക് അനുവദിച്ച തുക

809. ശ്രീ. കെ. ഠറി. കണാരൻ :
,, എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിൻെറ ഭാഗമായി മണ്ണൊലിപ്പ് നിവാരണ പദ്ധതികൾക്കും പുനർ നിർമ്മാണത്തിനുമായി എത്ര കോടി രൂപയാണ് അനുവദിച്ചുകിട്ടിയിട്ടുള്ളത് ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോ ജില്ലയ്ക്കും അനുവദിച്ചുകൊടുത്ത സംഖ്യ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2 കോടി രൂപ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

	ജില്ല	ലഭിച്ച തുക (ലക്ഷം രൂപയിൽ)
1.	കൊല്ലം	3.10
2.	പത്തനംതിട്ട	3.00
3.	ആലപ്പുഴ	36.00
4.	കോട്ടയം	5.70
5.	ഇടുക്കി	34.25
6.	എറണാകുളം	33.00
7.	തൃശ്ശൂർ	36.20
8.	പാലക്കാട്	'.00
9.	മലപ്പുറം	21.50
10.	കോഴിക്കോട്	4.25
11.	കണ്ണൂർ	15.00
12.	കാസർഗോഡ്	7 00
	ആകെ	200.00

വടകര താലൂക്കിൽ മണ്ണൊലിപ്പ് നിവാരണ പദ്ധതിക്ക് അനുവദിച്ച തുക

810. ശ്രീ. കെ. ററി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതിയനുസരിച്ച് വടകര താലൂക്കിലെ മലയോര പ്രദേശങ്ങളിലെ കൃഷിക്കാർക്ക് മണ്ണൊലിപ്പ് നിവാരണ പദ്ധതിയനുസരിച്ച് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പണം എത്ര കൃഷിക്കാർക്ക് എത്ര ഹെക്ടർ ഭൂമി പുനർ നിർവ്വഹണത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉദ്ദേശം 100 ഹെക്ടർ സ്ഥലത്ത് ഏകദേശം 80 കൃഷിക്കാരുടെ ഭൂമി പുനർനിർവ്വഹണത്തിനുവേണ്ടിയാണ് ഈ തുക ഉപയോഗിക്കുക.

LIBRARY ARCHIVES Kerala Legislative Assembly